## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:630 29.06.2015-ൽ മറുപടിയ്ക്ക്

## പട്ടികഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.പി.വിൻസെന്റ്

**മറുപടി**

ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക വിട്ടിൽ നിന്നും ദിവസവും പോയി വരാനാകുന്ന വിധം യാത്രാസൗകര്യം ഒരുക്കുന്നതിനാണ് ഗോത്ര സാരഥി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. |
| ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | ബി) | പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക വിട്ടിൽ നിന്നും ദിവസവും പോയി വരാനാകുന്ന വിധം യാത്രാസൗകര്യം ഒരുക്കുന്നതിനാണ് ഗോത്ര സാരഥി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്.<br>ഓട്ടോറിക്ഷ, ജീപ്പ്, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവ സങ്കേതങ്ങളിൽ വന്ന് കുട്ടികളെ സ്കൂളുകളിൽകൊണ്ടു പോകുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മുഖേന പദ്ധതി നടപ്പാക്കി വരുന്നു . |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ സ്കൂളിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നത് തടയാൻ കഴിയുന്നുണ്ട്. |
| സി) | പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | സി) | 2013-14 വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. 2015-16 സാമ്പത്തികവർഷം അർഹമായ സ്കൂളുകളുടെയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും വിവരം ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുത്ത് ടി പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. ആദ്യ ഗഡു തുക അനുവദിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ